


# വരവർണിനി

എൻ.എസ്സ്.എസ്സ്.എച്ച്.എസ്സ് പെരുമ്പുളിക്കൽ

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

# വരവർണിനി

## ഡിജിറ്റൽ മാഗസിൻ

**2018-19**



**എൻ.എസ്സ്: എസ്സ് .എച്ച്.എസ്സ് പെരുമ്പുളിക്കൽ**

# ഉള്ളടക്കം

എഡിറ്റോറിയൽ 4
സന്ദേശം 6
ഓർക്കിഡിന്റെ കഥ 7
നിലാമഴ 8
"പാത്തുമ്മയുടെ ആട് "
അറുപത്തിയഞ്ചിന്റെ നിറവിൽ 9
പഴഞ്ചൊല്ലുകൾ 13
പ്രഭാതം 14
എന്റെ ഗ്രാമം 15
GAME 16
പൂപുലരി 17
MOTHER 18
പുതുജീവിതം നവജീവിതം 19
ഗ്രാമവീഥി 21
ഇഷ്ടനമ്പർ ഇഷ്ടംപോലെ 22
ഇടമലക്കുടി 23
അമ്മ മാനസം 24
NINE GOLDEN RULE 25
Taj Mahal 26
പൊൻപുലരി 28
मदर डे मुबारक 30
Dreams 31
1 മുതൽ 10 വരെ ഉള്ള നമ്പറുകളുടെ ഗുണന പട്ടിക 32
ഊർജ്ജസംരക്ഷണം 33
നേർകാഴ്ചകൾ 35
വരയുടെ തിരിനാളം 36
നന്ദി 37

# എഡിറ്റോറിയൽ



അരുണിമ ആർ
എഡിറ്റർ

വർണ്ണങ്ങളുടെ പുതുമയിൽ..........
വരകളുടെ ചിത്രശിലയിലൂടെ.......
നീർത്തുള്ളികളുടെ ശബ്ദങ്ങളിൽ.......
കളകളാരവങ്ങളുടെ ചോലകൾ.......
ആർദ്രതയുടെ നനവാർന്ന......
നിശബ്ദ മൗനത്തിന്റെ......
വാക്കുകളിൽ.....
വർണ്ണങ്ങൾക്ക് നിറം നൽകാൻ......
രൂപം നൽകാൻ....
പ്രയത്നത്തിന്റെ കൊടുമുടികൾ താണ്ടിയ,
കൊച്ചുകൂട്ടുകാരുടെ എളിയ പ്രവർത്തനം,
നാളേക്കായ്......
ഒരുപിടി ഇതളായ്.....

***വരവർണിനി*** വിരിയിക്കുന്നു.

# *EDITORIAL BOARD*



<u>STANDING FIRST ROW FROM LEFT</u>

ARUNIMA R
VISHNUPRIYA VA
ADHITHYAN KG
SANJU S
ANOOP V
AHARSHKRISHNA

<u>STANDING SECOND ROW FROM LEFT</u>

ASHWATHY S
GAYATHRI SAJI
PURNIMA ARAVIND
RAJALEKSHMI P

# സന്ദേശം

*എൻ . എസ്സ്. എസ്സ്. എച്ച്. എസ്സ് പെരുമ്പുളിക്കൽ  2018 – 19 അധ്യയനവർഷത്തിൽ  വരവർണിനി  എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ സന്തോഷമുണ്ട് . പാഠ്യ -പാഠ്യേതര രംഗത്ത് വിദ്യാർത്ഥികൾ  ആർജ്ജിച്ചിട്ടുള്ള  നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും അധ്യാപകരുടെ  കലാസൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു .*

*ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും  നേരുന്നു.*



*അനിത എസ്. നായർ*

*ഹെഡ് മിസ് ട്രിസ്സ്*
*എൻ . എസ്സ്. എസ്സ്. എച്ച്. എസ്സ്*
*പെരുമ്പുളിക്കൽ*
*mannamnagar@ yahoo.in*

# ഓർക്കിഡിന്റെ കഥ



അഞ്ജലി എസ്
8A

എന്നെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകും. ഞാനാണ് ഓർക്കിഡ്.ഞങ്ങളുടെ കുടുംബത്തിൽ നിറത്തിലും ഭംഗിയിലും വ്യത്യസ്തത പുലർത്തുന്ന കുറേ അംഗങ്ങൾ ഉണ്ട്.സ്പൈഡർ വർഗ്ഗത്തിലുള്ളവരാണ് ഞങ്ങളിലധികം പേരും ചിലന്തിയല്ലാട്ടോ , കണ്ടാൽ അതുപോലെ തോന്നുന്നതു കൊണ്ടാണ് ഇങ്ങനെ പേരുവന്നത്.ഡൂവ് ഓർക്കിഡിനെ ഞങ്ങളുടെ രാജ്ഞിയായി കണക്കാക്കുന്നു. അവളുടെ ഭംഗിയൊന്നു വേറെതന്നെയാണ്.അവളുടെ സഹോദരി ഡാൻസിങ്ങ് ഗേൾ കാറ്റിൽ ഉലയുന്നതുകണ്ടാൽ ഒരു സുന്ദരി നൃത്തമാടുകയാണെന്നെ തോന്നു!.

ഞങ്ങൾ പൂത്തുകഴിഞ്ഞാൽ ഒരു മാസം വരെ വിരിഞ്ഞു നിൽക്കും. വിദേശങ്ങളിൽ നല്ല വില കിട്ടുന്ന ഞങ്ങളെ പലതരത്തിലും ഉപയോഗിക്കാം എന്ന് മനുഷ്യൻ പഠിച്ചിട്ടുണ്ട്. മനുഷ്യൻ പലതരത്തിലും ഞങ്ങളെ വേദനിപ്പിക്കാറുണ്ടെങ്കിലും ഞങ്ങൾക്ക് മനുഷ്യരെ ഇഷ്ടമാണ്.

# നിലാമഴ



അപർണ എസ്

8A


ഓർമ്മതൻ പുസ്തകത്താളുകൾ മറിക്കുമ്പോൾ
മണിമുറ്റത്ത് നിലാമഴ പെയ്തിറങ്ങുമ്പോൾ
സ്മരണയുടെ ഗോപുരവാതിൽ തുറക്കുമ്പോൾ
നിലാമഴ നനഞ്ഞു വരുന്നത് ആരാണ്?
ഹേ നിലാമഴയേ.....
അനശ്വര സൗന്ദര്യശില്പമേ
ആരുടെ കരങ്ങളാണ് നിന്റെസൃഷ്ടിയിൽ
ചൊരിഞ്ഞത്...
മേഘരൂപനിൽ അശ്രുവായ് നീ തങ്ങിനിൽക്കുന്നു
ഭൂമിയിൽ നിന്റെ മദ്യപാനങ്ങൾ

# "പാത്തുമ്മയുടെ ആട് " അറുപത്തിയഞ്ചിന്റെ നിറവിൽ



**അരുണിമ.ആർ**
**9A**

## വൈക്കം മുഹമ്മദ് ബഷീർ



വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്).

## ചെറുകഥ

വിശ്വവിഖ്യാതമായ മൂക്ക്, ജന്മദിനം,ഓർമ്മക്കുറിപ്പ്, അനർഘനിമിഷം,വിഡ്ഢികളുടെ സ്വർഗം, ഭൂമിയുടെ അവകാശികൾ,വിശപ്പ്,ഒരു ഭഗവത് ഗീതയും കുറേമുലകളും,ആനപ്പൂട, ചിരിക്കുന്ന മരപ്പാവ,ശിങ്കിടിമുങ്കൻ,യാഇലാഹി,നൂറുരൂപാ നോട്ട്, തേന്മാവ്

## നോവൽ


പ്രേമലേഖനം,ബാല്യകാലസഖി,ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്,ആനവാരിയും പൊൻകുരിശും,പാത്തുമ്മയുടെആട്,മതിലുകൾ,ശബ്ദങ്ങൾ,സ്ഥലത്തെപ്രധാന ദിവ്യൻ,മരണത്തിന്റെനിഴൽ,മുച്ചീട്ടുക്കാരന്റെമകൾ,ജീവിതനിഴൽപ്പാടുകൾ,താരാ

സ്പെഷ്യൽസ്,മാന്ത്രികപ്പൂച്ച

## പാത്തുമ്മയുടെആട്

ബഷീറിൻറെ അമ്മയും ,സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവ വികാസങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്ന് വേണ്ട ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ്.

### *സവിശേഷതകൾ*




- 1954 ഏപ്രിൽ 27 ന് എഴുതിതീർത്തു.
- 'ശുദ്ധസുന്ദരമായ ഭ്രാന്തിന് ഘോരമായ ചികിത്സ നടക്കുന്നതിനിടയിൽ എഴുതി.
- തിരുത്തുകയോ പകർത്തി എഴുതി ഭംഗിയാക്കുകയോ ചെയ്യാതെ എഴുതിയപടി തന്നെ പ്രസിദ്ധീകരിച്ചു.
- 1959 മാർച്ച് 1 നാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

- നോവലിലെ ആഖ്യാതാവ് "ഞാൻ" ആണ്.
- നോവലിൽ പ്രണയമില്ല. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ മാത്രം.
- സ്ത്രീ സമൂഹം നേരിടുന്ന ദുരിതത്തിന്റെ ചിത്രങ്ങൾ.
- മനുഷ്യേതര കഥാപാത്രങ്ങളുടെ അർത്ഥവ്യാപ്തി.
- ഗ്രാമീണ ബിംബങ്ങളുടെ സാന്നിധ്യം.
- കുടുംബകഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു.
- കഥ പറയുന്നത് ദൃക്സാക്ഷി വിവരണം പോലെയാണ്.
- കഥാപാത്രങ്ങൾ ഒന്നും വില്ലന്മാരാകുന്നില്ല; സാധാരണ മനുഷ്യർ മാത്രം.
- പൊട്ടിച്ചിരിയാക്കുന്ന കല.

## പാത്തുമ്മ

നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിലെ കഥയുടെ കിടപ്പ്. ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ്. പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാ ദിവസവും രാവിലെത്തന്നെ മകളേയും കൂട്ടി അവർ തറവാട്ടിലെത്തും. അവരുടെ വരവ് ഒരു "സ്റ്റൈലിലാണ്" എന്നാണ് ബഷീർ പറയുന്നത്. പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട് "എന്റെ ആട് പെറട്ടെ , അപ്പൊ

കാണാം". പാത്തുമ്മക്ക് കാര്യമായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിന്റെ വളർച്ചക്ക് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു സ്ത്രീയാണവർ.പാത്തുമ്മ പറഞ്ഞിരുന്നതു പോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പെറ്റു. ആട്ടിൻ പാൽ വിറ്റുകിട്ടുന്ന പണം കൊണ്ട് വീടിന്റെപാത്തു വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്ന് പാത്തുമ്മ വിചാരിച്ചിരുന്നു. പക്ഷേ തന്റെ കുടുംബക്കാർക്കു വേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമ്മക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിനെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നു. പത്തിരിയും കരൾ വരട്ടിയതും വെച്ച് സൽക്കരിക്കുന്നു. എന്നാൽ പാത്തുമ്മയുടെ മറ്റു സഹോദരങ്ങളായ അബ്ദുൽ ഖാദറിനും ഹനീഫക്കും ഇത് സഹിക്കാൻ പറ്റുന്നില്ല. പാത്തുമ്മായുടെ ഭർത്താവ് അവർക്കു കടപ്പെട്ടിരുന്ന പണത്തിന്റെ പേരിൽ ഭർത്താവിനേയും പാത്തുമ്മായേയും മകൾ ഖദീജയേയും ഒന്നും രണ്ടും മൂന്നും പ്രതികളാക്കി കേസുകൊടുക്കുമെന്നും ആടിനെ ജപ്തിചെയ്യിക്കുമെന്നും സഹോദരങ്ങൾ ഭീഷണിപ്പെടുത്തി. അങ്ങനെയാണ് പാത്തുമ്മക്ക് ആട്ടുംപാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നത്. കൈക്കൂലിയായി നേരേ കിട്ടുന്ന പാലിനു പുറമേ, പാത്തുമ്മ അറിയാതെ ആടിന്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു.

# പഴഞ്ചൊല്ലുകൾ



സച്ചു എം.എം
9A

1. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
2. ഉണ്ടചോറിൽ കല്ലിടരുത്.
3. അടിതെറ്റിയാൽ ആനയും വീഴും.
4. ഐക്യമത്യം മഹാബലം.
5. അഞ്ചു വിരലും ഒരുപോലല്ല.
6. ഇരയിട്ടാലെ മീൻ കിട്ടൂ
7. അടുത്തവനെ കെടുത്തരുത്.
8. കാടിയായാലും മൂടിക്കുടിക്കണം.

# പ്രഭാതം



അരുൺ കുമാർ എൻ.വി.

**10A**



# എന്റെ ഗ്രാമം



രാഗേഷ് എസ്
8A

എത്ര മനോഹരം എന്റെ ഗ്രാമം
പച്ചപ്പ് നിറഞ്ഞതാണെന്റെ ഗ്രാമം
വിശ്വ പ്രകൃതിയാം എന്റെ ഗ്രാമം
കളകള രാഗമാണെന്റെ ഗ്രാമം
പുഴകൾ തൻ രാഗമാണെന്റെ ഗ്രാമം
വിശ്വതയാർന്നതാണെന്റെ ഗ്രാമം
കേരളത്തനിമയാർന്നതാണെന്റെ ഗ്രാമം
എത്ര സുന്ദരമാണെന്റെ ഗ്രാമം
ദേവിയാം ഭൂമിയാണെന്റെ ഗ്രാമം
എൻ ഗ്രാമമാണെൻ സ്വപ്നം

# *GAME*



Anandhu A.
9A

*Games should form a necessary part of our life for proper development. For health and physical fitness games are necessary .It is very sad that no proper attention is being given to games in schools. There are no proper facilities for these activities. Health is wealth and games are a must for our health and well being.*

# പൂപുലരി



ഗംഗ എസ്
8A

പൂപുലരിയെത്തിയീ പോയിടാം കൂട്ടരെ....
പൂനുള്ളിടാം  പൂക്കളംതീർത്തിടാം
സമ്പൽസമൃദ്ധിതൻ  പൊന്നോണക്കാലത്ത്
ഒന്നായി നമുക്കൊന്നായിടാം
പൂവേപൊലി പാടി പൂക്കളം തീർത്തിടാം
നമ്മതൻ ഊഞ്ഞാലിൽ ആടിക്കളിച്ചിടാം
മാവേലിമന്നനെ  വാഴ്ത്തീടാം
ഒന്നായ്  വരവേറ്റിടാം....
ഇനി  വിദ്വേഷമൊക്കയും  മാറ്റിടാം
നമ്മതൻ  ഓണത്തെ  വരവേറ്റിടാം
പൂക്കളം  തീർത്തീടാം
സദ്യയും  ഉണ്ടിടാം
പൂവേ  പൊലിയും  പാടിടാം
പൂവേ  പൊലിയും  പാടിടാം

# *MOTHER*



Abhijith s. kurup
10A

A mother understands what a child does not say.
The hand that rocks the cradle is the hand that rules the word .
God could not be everywhere and therefore,He made mothers.
*When it comes to love , mother is the word.*

# പുതുജ്ജീവിതം നവജ്ജീവിതം

ഓരോ ഇലയുംകൊഴിയുന്ന നേരത്ത്
ഇന്നാ മരം ഏതോ മൂകതയിൽ
കൊഴിഞ്ഞു പൂർണമായ്
തണ്ടുകൾ മാത്രമായ്
ജീവന്റെ നീരുമാത്രം ബാക്കിയായ്



ദിനങ്ങൾ കൊഴിഞ്ഞുപോയീ ഒരു
നാൾ ജീവന്റെ നിസ്വനമായിവന്നു
തന്റെ പ്രിയമാം മരങ്ങളെ തഴുകി
പ്പുണർന്നൊരു ഉന്മാദദായിനിയാം
വസന്തകാലം ആ വസന്തകാലം.

ഐശ്വര്യ.എസ്സ്
8A

പൊട്ടിത്തളിർത്തുതളിർത്തിളം
കമ്പുകൾ തന്റെ തളിർത്തിളം
എത്രയോ ദിനങ്ങൾ കൊതിച്ച തീർന്നി-
ട്ടു കിട്ടിയിന്നൊരു നവജീവിതം കാത്തിരി-
പ്പിന്റ പുതുജിവിതം ഹാ പുതുജീവിതം.

മരങ്ങൾ സ്വയം  മറന്നുപോയി ഇന്നീ
ജീവന്റെ നാമ്പുകൾ നിട്ടിയപ്പോൾ
ഏതോലോകത്തിൽ പാറിപ്പറന്നു
ആ വൃക്ഷമനസ്സിന്നു നിർവൃതിയിൽ
തന്റെ കരളുതളിർത്തൊരു നിർവൃതിയിൽ

ഏതോ മാനുഷൻവന്നുപുകഴ്ത്തി
മരത്തിൻ ചുവട്ടിൽ ഹാ എന്തു ഭംഗി.
എങ്കിലും അറിഞ്ഞലയാ വൃക്ഷം

സ്വയം മറന്നു തന്റെ തളിരിടയിൽ
നവജീവിതം ഇതു പുതു ജീവിതം

ഇനിയെന്തു വേണം നമുക്കീ ഭൂമിയിൽ
എന്നുപറഞ്ഞു തളിർത്തു നിന്നാമരം.

സ്വർണസ്ഫുലിംഗങ്ങൾ ആടി നിന്നു
ആ മാരുതൻ പോകുന്ന ഗതിയിലൂടെ
ഇതു വസന്തകാലം ഇതു വസന്തകാലം.



# ഗ്രാമവീഥി

സഹ്യന്റെ പുത്രിതൻ മടിയിൽ ശയിക്കുന്ന
സ്വർലോക തുല്യമാം എൻ ജന്മദേശം.
മലകളും പൂക്കളും പുഴകളും ചേർന്നൊരു
ഹരിതമനോഹര ഭൂമിതൻ ചാരുത.
കളകള നാദമുണർത്തിയീ ഗ്രാമത്തിൻ
സിരയിലൂടൊഴുകുന്ന ജീവന്റെ നിസ്വനം
കലപില നാദത്തിൻ മാധുരി കൂട്ടിയീ
കുയിലുകൾ കൂകുന്ന വയലോര വീഥികൾ
ആർക്കോ അടങ്ങാത്ത വിശപ്പിനായ് പൊരു-
തുന്ന കർഷക ജീവിതം പിന്നെയീ പാടത്ത്
ചേറിന്റെ ഗന്ധവുമേറ്റിയീ ഗ്രാമത്തിൽ
പൂക്കളെ തഴുകുന്ന കാറ്റിന്റെ കൈകളും
എങ്ങോ നറുമണമോലുന്ന പൂക്കളെനുള്ളി-
ക്കളിക്കുന്ന ബാലകരും പാടിയാലീ ജന്മം
പോരാതെ വരുമോ എനിക്കിന്നെൻ
ജന്മദേശത്തിൻ ഭംഗികൾ വാഴ്ത്തുവാൻ

അനൂപ്.വി
9A

# ഇഷ്ടനമ്പർ ഇഷ്ടംപോലെ



ആദിത്യകൃഷ്ണൻ കെ

8A

12345679 X 9 = 111111111
12345679 X 18 = 222222222
12345679 X 27 = 333333333
12345679 X 36 = 444444444
12345679 X 45 = 555555555
12345679 X 54 = 666666666
12345679 X 63 = 777777777
12345679 X 72 = 888888888
12345679 X 81 = 999999999

# ഇടമലക്കുടി



ആദിത്യൻ കെ.ജി
9A

കേരളത്തിലേ ഒരേയൊരു  ആദിവാസി ഗ്രാമപഞ്ചായത്ത്. മുതുവൻ വർഗ്ഗത്തിൽപ്പെട്ടവരാണ് ഇവിടെ കൂടുതൽ ഉള്ളത് . ഇടുക്കി ജില്ലയിലെ മൂന്നാറിൽ നിന്നും കുറച്ചു വടക്കുമാറി  കൊട്ടും വടക്കു മാറി കൊട്ടും വനത്തിലാണ് ഇടമലക്കുടി പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ചെങ്കുത്തായ കയറ്റവും ഇറക്കവുമുള്ള  ദുർഘടമായ വനപാതകളിലൂടെയാണ് ഇക്കാലമത്രയും ആളുകൾ സഞ്ചാരിച്ചിരുന്നത്. അടുത്ത കാലത്തായി ഇവിടേയ്ക്ക് വാഹനം എത്തുകയുണ്ടായി.പഞ്ചായത്തു കേന്ദ്രമായ പള്ളിക്കുടം, ഫോറസ്റ്റ് ഓഫീസ്, പ്രാഥമിക ആരോഗ്യ കേന്ദ്രം, നിരവധി അങ്കണവാടികൾ,കമ്മ്യൂണിറ്റിഹാൾ,റേഷൻകട  തുടങ്ങിയവയാണ് ഇടമലക്കുടിയിലെ പൊതുസ്ഥാപനങ്ങൾ. എല്ലായിടത്തും ബ്രോഡ്ബാൻഡ് സൗകര്യമുള്ള രാജ്യത്തെ ആദ്യപഞ്ചായത്തു കുടിയാണ് ഇത്.

# അമ്മ മാനസം



ഐശ്വര്യ എസ്
10A

ഞാനാദ്യമായ് കണ്ട ഗുരുനാഥയാകയാൽ
ഞാനാദ്യമായ് മന്ത്രിച്ച വാക്യമായ് എന്നുള്ളിൽ
അമ്മയെന്ന രണ്ടക്ഷരത്തിൽ മാത്രം ആ ശക്തിക്കു മുന്നിൽ
ഞാൻ കൂപ്പുകൈയുമായ് എൻ നിറമിഴികളാൽ
ഞാൻ ചെയ്തുപോയൊരീതെറ്റിൻ ഫലം ഇന്ന
ഞാനെൻ പുത്രനാൽ അനുഭവിച്ചീടുന്നു.
ഇന്നു ഞാൻ ചൊല്ലിടാം എൻ ജീവിതം
ഏതോ പശ്ചാത്താപത്തിൻ നിഴലിൻ മറയ്ക്കുള്ളിൽ
എൻ പിഞ്ചുബാല്യത്തിൻ കാലത്തിൽ ഞാൻ കണ്ട
ശക്തിയായ് സ്നേഹമായ് സ്നേഹസ്വരൂപമായ്
എന്തെന്നറിയാത്ത ബാല്യത്തിലെൻകരം
മാറോടണച്ച ദിവ്യശക്തിയാണെന്നമ്മ
തൻപുത്രിക്കുവേണ്ടി ജീവിതം അർപ്പിച്ച
ഹോമിച്ച ദുഃഖത്തിൻ ജ്വാലയിൽ
എന്താണെന്നെതെന്നറിയാത്ത കൗമാര
കാലത്തിൽ ചുഴിയിൽ മുങ്ങിയ പുത്രി തൻ മാനസം
എൻ അമ്മയ്ക്കുപേടിയായ് ഭീതിയായ് തേങ്ങലായ്
പിന്നെയെന്നോ  അവൾ ചൂണ്ടി അറപ്പിൻ മിഴികളാൽ
നെഞ്ചോടണച്ചൊരമ്മതൻ മാറിൽ
ഏതോ വൃദ്ധസദനത്തിനിഴക്കുള്ളിൽ നിന്നും
കേഴുകയാണാ അമ്മതൻ മാനസം
അപ്പോഴുമാക്കണ്ണിൽ തിങ്ങി പ്രതീക്ഷ തൻ
ആയിരം സ്നേഹചിത്രത്തിൻ പാടുകൾ
ഇന്നു ഞാനുമീ ചിതൽ പാതയിൽ
*നിൽപ്പൂ ഏകനായ് ഏതോ രൂപമായ്*

# NINE GOLDEN RULE



Before you speak ,LISTEN

Before you write ,THINK
Before you spend,EARN
Before you invest ,INVESTIGATE
Before you criticise,WAIT
Before you pray,FORGIVE
Before you quit,TRY
Before you retire,SAVE
*Before you die,GIVE*

sanju s
9A



Arunima R.

9A



# Taj Mahal

Taj Mahal, the magnificent monument that stands at the heart of India has a story that has been melting the hearts of millions of listeners since the time Taj has been visible. A story, that although ended back in 1631, continues to live on in the form of Taj and is considered a living example of eternal love. It's the love story of Shah Jahan and Mumtaz Mahal, two people from the course of history who set an example for the people living in present and the future to come. An English poet, Sir Edwin Arnold best describes it as "Not a piece of architecture, as other buildings are, but the proud passion of an emperor's love wrought in living stones." The story that follows next will prove why the statement is true.

Shah Jahan, initially named Prince Khurram, was born in the year 1592. He was the son of Jehangir, the fourth Mughal emperor of India and the grandson of Akbar the Great. In 1607 when strolling down the Meena Bazaar, accompanied by a string of fawning courtiers, Shah Jahan caught



a glimpse of a girl hawking silk and glass beads. It was love at first sight and the girl was Mumtaz Mahal, who was known as Arjumand Banu Begum at that time. At that time, he was 14 years old and she, a Muslim Persian princess, was 15. After meeting her, Shah Jahan went back to his father and declared that he wanted to marry her. The match got solemnized after five years i.e., in the year 1612.

It was in the year 1628 that Shah Jahan became the Emperor and entrusted Arjumand Banu with the royal seal. He also bestowed her with the title of Mumtaz Mahal, meaning the "Jewel of the Palace". Though Shah Jahan had other wives also, but, Mumtaz Mahal was his favorite and accompanied him everywhere, even on military campaigns. In the year 1631, when Mumtaz Mahal was giving birth to their 14th child, she died due to some complications. While Mumtaz was on her deathbed, Shah Jahan promised her that he would never remarry and will build the richest mausoleum over her grave.

It is said that Shah Jahan was so heartbroken after her death that he ordered the court into mourning for two years. Sometime after her death, Shah Jahan undertook the task of erecting the world's most beautiful monument in the memory of his beloved. It took 22 years and the labor of 22,000 workers to construct the monument. When Shah Jahan died in 1666, his body was placed in a tomb next to the tomb of Mumtaz Mahal. This magnificent monument came to be known as "Taj Mahal" and now counts amongst the Seven Wonders of the World. This is the true story of the Taj Mahal of India, which has mesmerized many people with its bewitching beauty.

# പൊൻപുലരി



വിഷ്ണുപ്രിയ വി.എ
9A

ഇന്നലെ വൈകിയനേരമെൻ
കണ്ണുകൾ എന്തിനെന്നെതി-
നെന്നറിയാതെയെൻ മനം
എന്തിനോ വേണ്ടി തിരഞ്ഞിടുന്നു

നിദ്രയിൽ മുങ്ങിയോരെൻ പ്രിയകണ്ണുകൾ
പെട്ടെന്നു തട്ടി ഉണർത്തിയെന്നെ
ഞാൻ പോലുമറിയാതെ മനതാരിൽ
നിന്നൊരു ആഹ്ലാദംപൊട്ടിപുറപ്പെടുന്നു

വാതിൽ തുറന്നു ഞാൻ കണ്ടൊരു
കാഴ്ച്ചയെൻ കണ്ണിനു കോൾമയിർ ളുകിടുന്നു
സഹ്യന്റെ പ്രിയമാം മടിത്തട്ടിൽ നിന്നൊരു
ദിവ്യദിനകരനുദിച്ചിടുന്നു
അശ്വരഥങ്ങളെപ്പോലെയാകിരണങ്ങൾ
ഭൂലോകമാകെപ്പരന്നിടുന്നു

സൂര്യകാന്തിയെതിരയുന്ന കിരണങ്ങൾ
മറ്റുള്ള പൂക്കളെ തഴകീടുമ്പോൾ
മഞ്ഞുതുള്ളികൾ വാരിപ്പുണർന്നോരാ

കുഞ്ഞിളം തണ്ടുകൾ രത്നംപോലെ
പാതി വിടർന്നൊരാ പുക്കളോ ഇന്നേരം
പൂർണമാകാനായ്ത്തിരക്കിടുന്നു

വൃക്ഷങ്ങൾ വൃക്ഷത്തപ്പുകളിൽ
നിന്നോ കേൾക്കുന്ന
മധുരമാം കളനിസ്വനം

ദൂരയല്ലാതായ് കേൾക്കുന്ന ഞാനും
കളകളം പാടുന്ന പൂഞ്ചോലയെ
ആ വഴി വന്നോരാ കുഞ്ഞിളം കാറ്റിന്ന്
പുണരുന്ന പൊതിയുന്ന ലോലമായ്

ഇതുകളല്ല കനവല്ല കളിവാക്കല്ല
ഈശ്വര സ്രുഷ്ടിതൻ സത്യമാണേ
പുലരിയെന്നുള്ളൊരു മൂന്നക്ഷര-
ത്തിലായ് കാണുന്ന
വിശ്വവും ഏകമായ്.....



അന്നൂപ് വി.
9A

माताजीअपनें बच्चों पर सब निछावर करती हैं

बिना लालच उनहें प्यार करती है

भगवान का दूसरा रूप है   हमारी माताजी

जॉ हर दुख में हमारा साथ दॆती है

*मदर डे मुबारक*

# Dreams



Vishnu.v
8A

I  see you all the time
At night in the morning
I see you every time,
In the  fairy stories.
Love to watch you moving
But mamma calls in between
and you vanish soon
I see you angels
dancing around me
I also dance with you
Dream is the best thing to see

# 1 മുതൽ 10 വരെ ഉള്ള

# നമ്പറുകളുടെ ഗുണന പട്ടിക



ആഹർഷ് കൃഷ്ണ

9A

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2 | 4 | 6 | 8 | 10 | 12 | 14 | 16 | 18 | 20 |
| 3 | 6 | 9 | 12 | 15 | 18 | 21 | 24 | 27 | 30 |
| 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 | 40 |
| 5 | 10 | 15 | 20 | 25 | 30 | 35 | 40 | 45 | 50 |
| 6 | 12 | 18 | 24 | 30 | 36 | 42 | 48 | 54 | 60 |
| 7 | 14 | 21 | 28 | 35 | 42 | 49 | 56 | 63 | 70 |
| 8 | 16 | 24 | 32 | 40 | 48 | 56 | 64 | 72 | 80 |
| 9 | 18 | 27 | 36 | 45 | 54 | 63 | 72 | 91 | 90 |
| 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 | 100 |

# ഊർജ്ജസംരക്ഷണം



ഗായത്രി സജി
9A


ജ്വലിക്കുമ്പോഴോ,രൂപമാറ്റം സംഭവിക്കുമ്പോഴോ ചൂടുപ്രകാശമോ ഇവ രണ്ടും നൽകുന്ന പദാർഥങ്ങളെയാണ് ഇന്ധനങ്ങൾ എന്നു പറയുന്നത്. ഇന്ധനങ്ങൾ ജ്വലനം വഴിയോ,അല്ലെങ്കിൽ ആണവ പ്രവർത്തനങ്ങളിലെപ്പോലെ രൂപമാറ്റം സംഭവിച്ചുമാണ് ഊർജ്ജപ്രസരണം  സംഭവിക്കുന്നത്. മനുഷ്യനു പയോഗിക്കുന്ന ഇന്ധനങ്ങൾ മിക്കതും കത്തുന്ന തരമാണ്. ഇന്ധനം ഓക്സിജനുമായി ചേർന്ന് ഊർജ്ജം പുറത്ത് വിടുന്ന രാസപ്രവർത്തനമാണ്  തീ കത്തുമ്പോൾ നടക്കുന്നത് യാക്ഷനുകളും ന്യൂക്ലിയർറിയാക്ഷനും ഊർജ്ജാവിശ്യത്തിനുപയോഗിക്കാറുണ്ട്. ഇന്ധനങ്ങൾ ജീവകോശങ്ങളിലും ഊർജ്ജോൽപ്പാദനത്തിന് ഉപയോഗിക്കപ്പെടുന്നുണ്ട്.

ഇന്ധനങ്ങൾ  നാല്  വിധമുണ്ട് . രാസബന്ധനങ്ങൾ, ജൈവബന്ധനങ്ങൾ , ആണവ ഇന്ധനങ്ങൾ എന്നിവയാണ് . രാസബന്ധനങ്ങളെന്നാൽ  ഓക്സിഡേഷൻ പോലുള്ള രാസപ്രവർത്തങ്ങളിലൂടെ ഊർജ്ജം പുറത്തുവിടുന്ന ഇന്ധനങ്ങളാണിവ .

ഒരു രൂപത്തിലെ ദ്രാവകരൂപത്തിലോ വാതകമായോ കാണപ്പെടുന്നതും ജൈവ വസ്തുക്കളിൽ നിന്ന് ലഭിക്കുന്നതുമായും ഇന്ധനമായി ഉപയോഗിക്കുന്നതുമായ വസ്തുക്കളെയാണ് ജൈവ ഇന്ധനങ്ങൾ എന്നു പറയുന്നത്. സസ്യങ്ങളോ ജന്തുക്കളുടെ വിസർജ്ജ്യമോ പോലെ സ്വാഭാവികമായി പുനരുത്പാദനം നടക്കുന്ന  സ്രോതസ്സുകളിൽ നിന്നാണ് ഇത് ലഭിക്കുന്നത്. വിറകായിരുന്നു മനുഷ്യൻ ആദ്യമായി ഉപയോഗിച്ചിരുന്ന ഇന്ധനം.ഇന്ധനമെന്ന നിലയിൽ വിറക് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്.  വിറകിന്റെ മിക്ക

ഉപയോഗങ്ങളും ഇപ്പോൾ മറ്റ് ഇന്ധനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഗ്യാസ്, ഇൻഡക്ഷൻകുക്കർ, തെർമൽകുക്കർ, ഇലക്ട്രിക്ക് കുക്കർ എന്നിവ പോലെ വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന തരം ഇന്ധനങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട് . കൽക്കരി , പെട്രോളിയം, വാതക ഇന്ധനങ്ങൾ തുടങ്ങിയവ മണ്ണിനടിയിൽ നിന്ന് ലഭിക്കുന്ന ഇന്ധനങ്ങളാണ് ഫോസിൽ ഇന്ധനങ്ങൾ. ഉൽപ്പാദിപ്പിക്കുന്ന ഇന്ധനങ്ങൾ നിലവിൽ ഊർജ്ജ ഉൽപ്പാദനത്തിനായ് മനുഷ്യർ ഉപയോഗിക്കുന്നില്ല. നക്ഷത്രങ്ങളുടെ ഊർജസ്രോതസ്സ് ആണവസംയോജമാണ്. ഹൈഡ്രജൻ മാതിരിയുള്ള മൂലകങ്ങളാണ് സംയോജിക്കാൻ കൂടുതൽ അനുയോജ്യം . വിറകിന്റെ ഉപയോഗം വഴി വനവിസ്തൃതി കുറഞ്ഞു തുടങ്ങിയപ്പോഴാണ് കൽക്കരി ആദ്യമായി ഉപയോഗിച്ചത് . വൈദ്യുതി ഉൽപ്പാദനത്തിനാണ് കൽക്കരി കൂടുതലും ഉപയോഗിക്കുന്നത്. ഇപ്പോൾ കാറ്റിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നും തിരമാലകളിൽ നിന്നും മറ്റും വൈദ്യുതി ഉൽപ്പാദിപ്പിക്കുക കൂടുതൽ പ്രചാരം നേടിവരുന്നുണ്ട്. ഇത് ഇന്ധനസംരക്ഷണത്തിന് സഹായകമാണ്.

# നേർകാഴ്ചകൾ



കോമരം കുത്തി പല്ലിറുമ്മുന്ന
വയലേലകളെ നോക്കി
ആദിത്യൻ ഉരിയാടി
എന്തിനുവെറുതെ നീ
സൗരമണ്ഡലത്തിൻ താഴ്വകളെ
വൃഥാ നില്പൂ......
നിങ്ങൾ തൻ നേർക്കാഴ്ചകളെ
തേടി നിൽക്കുന്ന മാത്രയിൽ
കാലത്തിൻ കരങ്ങളെയ്ത്ത
ദിനങ്ങളിൽ മുഴകിക്കിടക്കുന്നു
ജീവസ്സറ്റ നേർക്കാഴ്ചകൾ
തങ്ങിവിങ്ങും നാടിൻ
അന്തസ്സുകൾ....

ഡോ. പൂർണിമ അരവിന്ദ്
അദ്ധ്യാപിക

# വരയുടെ തിരിനാളം



നന്ദു എസ്
9A



# നന്ദി



അരുണിമ ആർ.
എഡിറ്റർ

വരവർണിനിയുടെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിച്ച
എൻ.എസ്സ്.എസ്സ്. എച്ച്.എസ്സ് പെരുമ്പുളിക്കൽ
ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മറ്റ്
വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും,
ഞങ്ങൾക്ക്മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ
ഹെഡ്മിസ്ട്രസ്സിനും അധ്യാപകർക്കും അനധ്യാപകർക്കും
ഹാർദ്ദമായ നന്ദി............